L·A·B

# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5

27.02.2017 ൽ മറുപടിക്ക്

## ഐ.എ.എസ്., ഐ.പി.എസ്. തസ്തികകൾ

**ചോദ്യം:**

**ശ്രീ. മുല്ലക്കര രത്നാകരൻ**

സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്. കേഡറിലുള്ള എത്ര തസ്തികകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

കേരളത്തിൽ കേന്ദ്ര ഡെപ്യൂട്ടേഷൻ, സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ, പ്രൊമോഷൻ, ലീവ് റിസർവ്, ട്രെയിനിംഗ് റിസർവ്, ജൂനിയർ റിസർവ് ഉൾപ്പെടെ അനുവദനീയമായ ഐ.എ.എസ്., ഐ.പി.എസ്. കേഡർ തസ്തികകളുടെ എണ്ണം യഥാക്രമം 231 ഉം 172 ഉം ആണ്. സംസ്ഥാനത്ത് ഐ.എ.എസ്, ഐ.പി.എസ്. തസ്തികകളൊന്നും തന്നെ ഒഴിഞ്ഞ് കിടക്കുന്നില്ല. ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിലും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകി കുറവ് താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. ആകെ അനുവദനീയമായ തസ്തികകളിൽ നിലവിൽ ഐ.എ.എസിൽ 85 പേരുടെയും, ഐ.പി.എസിൽ സീനിയർ ഡ്യൂട്ടി പോസ്റ്റിലെ 12 ഒഴിവുകളുൾപ്പെടെ 52 പേരുടെയും കുറവുണ്ട്. ഓരോ കേഡർ റിവ്യൂവിലും കേന്ദ്ര സർക്കാർ ഇത്തരത്തിൽ തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നത് ഭാവിയിലേക്കുള്ള തസ്തികകളുടെ ആവശ്യകതയും കേന്ദ്ര ഡെപ്യൂട്ടേഷനിലേക്കും ട്രെയിനിംഗിനും നിയോഗിക്കപ്പെടാവുന്ന ഉദ്യോഗസ്ഥരുടെ എണ്ണവും ചേർത്താണ്. ആയതിനാൽ ഐ.എ.എസ്./ ഐ.പി.എസ് തസ്തികകളിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുവാൻ സാങ്കേതിക തടസ്സമുണ്ട്.

Manj M
**സെക്ഷൻ ഓഫീസർ**